(ഡി) ഇത്തരം മാഫിയകളുടെ അക്രമണങ്ങൾക്കു വിധേയമായി മരണപ്പെട്ടവർ, വീടു നഷ്ടപ്പെട്ടവർ, അക്രമണത്തിനു വിധേയമായി ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവർ ആരെല്ലാം, എന്നും 2011-12 മുതൽ 2015-16 വർഷം വരെയുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി കർശനമായ നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. 'ഓപ്പറേഷൻ സുരക്ഷ', 'ഓപ്പറേഷൻ കുബേര' എന്നീ പദ്ധതികളിലൂടെ ക്രിമിനലുകളുടെ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്ക് വിധേയമായവരിൽനിന്നും 2011-12-ൽ 2 കേസുകളും 2012-13-ൽ 6 കേസുകളും 2013-14-ൽ 3 കേസുകളും 2014-15-ൽ 4 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 15 കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിവിധ മാഫിയ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്കെതിരെയോ, മറ്റു സർക്കാർ ജീവനക്കാരുടെ പേരിലോ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവരിൽ പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഇല്ല.

(ഡി) ഇത്തരം മാഫിയകളുടെ ആക്രമണങ്ങൾക്ക് വിധേയമായി ആരും മരണപ്പെടുകയോ ആർക്കും വീട് നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പോലീസ് സേനയുടെ അംഗബലം

136 (1841) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ അംഗബലം വർഷംതോറും 5% വർദ്ധിപ്പിക്കുന്നതാണെന്ന 2013-ലെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) 2013-ൽ പ്രഖ്യാപിച്ച അത്യാധുനിക സജ്ജീകരണങ്ങളോടുകൂടി പ്രത്യേകം സജ്ജീകരിച്ച ട്രാഫിക് വിംഗ്, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേന എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ അംഗബലം വർഷം തോറും 5% വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. 2013-14 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ 85 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനെ നവീകരിച്ച് അൾട്രാ മോഡേൺ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ട്. അതിനുപുറമേ തിരുവനന്തപുരം സിറ്റിയിൽ സ്വിഫ്റ്റ് ആക്ഷൻ ടീം (SWAT) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം

137 (1842) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചത് ; ഏതു വർഷം ; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉണ്ടാവുക ; നിർമ്മാണച്ചുമതല ആർക്കായിരുന്നു; എന്നാണ് നിർമ്മാണം ആരംഭിച്ചത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കണം എന്നായിരുന്നു കരാർ ; നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര ശതമാനം നിർമ്മാണം പൂർത്തിയാക്കി ; വ്യക്തമാക്കുമോ ;

(സി) നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2012-ൽ 71 ലക്ഷം രൂപയാണ് റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചത്. റാന്നി പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, ബി ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, വനിതാ സിവിൽ പോലീസ് ഓഫീസേഴ്സ് റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിടത്തിന്റെ സൗകര്യങ്ങൾ. കെ.പി.എച്ച്.സി.സി.-യ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2012-ലാണ് ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly